ശ്രീ. കെ. ഐ. വേലായുധൻ : ഇറിഗേഷൻവക്കിന്റെ ചാർജ്ജുള്ള ചിലതെ വയ്ക്കും. അവക്കാണ് അധികാരമുണ്ടായിരിക്കുന്നത്.

The amendment was by leave withdrawn.

The question that Clause 36 stand part of the Bill was put and carried.

Clause 36 was added to the Bill.

Clauses 37 to 45

The question that Clauses 37 to 45 stand part of the Bill was put and carried.

Clauses 37 to 45 were added to the Bill.

Clause 1

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the Preamble and the Title stand part of the Bill was put and carried.

The Preamble and the Title were added to the Bill.

ശ്രീ. കെ. ഐ. വേലായുധൻ : മൂന്നാംവായനയ്ക്ക് ഞാൻ ഇപ്പോൾ മൂവ് ചെയ്യുന്നില്ല. ഇതിൽ ചില ഓർബൽ ചേഞ്ചസ് കൂടി വരുത്തുവാനുണ്ട്.

The Travancore-Cochin Compensation for Tenants Improvements Bill

Home Minister (SHRI A. J. JOHN) : Sir, I move that the Travancore-Cochin Compensation for Tenants Improvements Bill, as reported by the Select Committee be taken up for consideration

SHRI A. A. RAHIM : I second it

ശ്രീ. എ. ജെ. ജോൺ : സർ, സെലക്ഠകമ്മിറ്റി നാലഞ്ചുകൂട്ടുകളാണ് ഭേദഗതി ചെയ്തിട്ടുള്ളത്. ക്ലാസ് അഞ്ചിനെ സംബന്ധിച്ചിടത്തോളം കുടിശ്ശികയുള്ളതായ പാട്ടവും മറ്റും ഭേഛണ്ഡവിലയിൽ തട്ടിക്കഴിക്കാമെന്നാണ് ഒറിജിനൽ ബില്ലിൽ ഉണ്ടായിരുന്ന വ്യവസ്ഥ. എന്നാൽ സെലക്ഠകമ്മിറ്റി പര്യാലോചിച്ചശേഷം നിയമപ്രകാരം ഈടാക്കേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

നുള്ള പാട്ടക്കുടിശ്ശികമാത്രം ദേഹണ്ഡവിലയിൽ തട്ടിക്കഴിക്കണം എന്നാണ് ഭേദപ്പെടുത്തിയിട്ടുള്ളത്. ക്ലാസ് ഏഴിൽ ദേഹണ്ഡവില തിട്ടപ്പെടുത്തുന്നതിന് അസ്സസ്സേഴ്സിനെ വയ്ക്കണമെന്നായിരുന്ന ആക്ടിലെ വ്യവസ്ഥ. അതു മാറ്റി സാധാരണഗതിയിൽ കോടതികളിൽ ദേഹണ്ഡവില തിട്ടപ്പെടുത്തുന്നതിനുള്ള കമ്മിഷൻ മതിയാകുമെന്ന് ഭേദപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് എട്ടിൽ ദേഹണ്ഡവില തിട്ടപ്പെടുത്തുന്നതിലേക്കുള്ള തത്വങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. എന്നാൽ കൂടിയാന്മാക്ക് കൂടുതൽ ഗുണകരമായുള്ളതു കൊച്ചിയിൽ ഇപ്പോൾ നിലവിലുള്ള ആക്ടിലെ വ്യവസ്ഥകളാണെന്ന ബോദ്ധ്യപ്പെട്ടതുകൊണ്ട് അതനുസരിച്ച് ദേഹണ്ഡവില തിട്ടപ്പെടുത്തുന്നതിനുള്ള തത്വങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നൊന്ന് ഈ ആക്ടു നിലവിൽ വരുന്നതിനുമുമ്പ് ഏതെങ്കിലും എഗ്രിമെന്റു മുഖാന്തിരമോ കണ്ടാക്ടു മുഖാന്തിരമോ എന്തെല്ലാമുണ്ടായിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ദേഹണ്ഡവില കിട്ടുന്നതിനു കുടിയാന്മാർക്കോ അല്ലെങ്കിൽ ഒറ്റിക്കാർക്കോ അവകാശമുണ്ടായിരിക്കുമെന്നുള്ളതാണ്. ഇതുമാണ് പ്രധാനമായി സെലക്ടുകമ്മിറ്റി ഭേദഗതി വരുത്തിയിരിക്കുന്നതു്.

The question that the Travancore-Cochin Compensation for Tenants Improvements Bill be taken up for consideration was put and carried.

Clause 2.

SHRI P. R. MADHAVAN PILLAI : Sir, I move :

In clause 2, add at the end of sub-clause (d) the following :—

"and includes for the purpose of this Act a person who has made improvements on the land he was occupying bona-fide as owner, when evicted from it for grounds for which he has neither responsibility nor control."

ഈ ഭേദഗതി അവതരിപ്പിക്കുന്നതു് വ്യക്തമായ ചില കാരണങ്ങളുടെ അടിസ്ഥാനത്തിലാണ്. ടെനൻറിന്റെ നിർവചനം ഈ ബില്ലിൽ ചേർത്തിട്ടുണ്ട്. ആ നിർവചനത്തിൽ ഉൾപ്പെടാത്ത ദേഹണ്ഡവില കിട്ടേണ്ടതായ ആളുകൾ ഉണ്ട്. ഉടമസ്ഥനെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി വളരെയധികം പണവും പ്രയത്നവും ഉപയോഗിച്ച് ദേഹണ്ഡം നടത്തുന്ന ആളുകൾ ഒഴിഞ്ഞുപോകുന്ന അവസരത്തിൽ അവർക്കുകൂടി ദേഹണ്ഡവില കിട്ടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കണമെന്നാണ് ഞാൻ എന്റെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. ലേലത്തിൽ പിടിച്ചിട്ടുള്ള ആളുകൾ സാധാരണ അനുഭവിക്കാറുള്ള ഒരു കാര്യമാണ് ഞാൻ പറയുന്നതു്.

ഒരാൾ ഒരു വസ്തുവിന്റെ ഉടമസ്ഥനാണെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി കൈവശമിരിക്കുന്ന ഭൂമിയിൽ പല ദേഹണ്ഡങ്ങളും ചെയ്തുകാണും. അവിടെ കിണർ വെട്ടിയിരിക്കും, കുളം വെട്ടിയിരിക്കും മറ്റു പല ദേഹണ്ഡങ്ങളും ചെയ്തിരിക്കും. ഇതെല്ലാം ചെയ്തിട്ടും നാലു കാശു പോലും പ്രതിഫലം കിട്ടാതെ ഇറങ്ങിപ്പോകേണ്ടിവരുന്നതു കഷ്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ളവർ അവിടെ പ്രവേശിക്കുന്ന അവസരത്തിൽ, അവരുടെ സ്വന്തമായിത്തീരുമെന്നുള്ള പ്രതീക്ഷയിലാണ് ഈ മാതിരി ഭേഷണ്ടത്തരം നടത്തുന്നത്. അവിടെനിന്നും ഇറങ്ങിപ്പോകുന്നതിനു നിർബന്ധിതനാകുന്ന അവസരത്തിൽ അയാൾക്കു ഒരു കടിയാനു അവിടെയുള്ള അവകാശംപോലും അംഗീകരിക്കപ്പെടുന്നില്ല. കടിയാനാണെങ്കിൽ ഭേഷണ്ടവില കിട്ടും. ന്യായമായി ഭേഷണ്ടവില കിട്ടാൻ അവകാശപ്പെടാവുന്ന യഥാർത്ഥ ഭേഷണ്ടക്കാരെ ഒഴിവാക്കിക്കൊണ്ടാണ് ഈ നിർവ്വചനം ചെയ്തിരിക്കുന്നത്. ഈ നിർവ്വചനം അതുകൊണ്ടു ഭേദഗതി ചെയ്യേണ്ടതാണ്. ഈ നിർവ്വചനത്തിൽ ടെനൻറ എന്നു പറയുന്നതിൽ, എല്ലാ വിഭാഗത്തിലും ഉൾപ്പെട്ടവരെ അതായതു മേൽപ്പറഞ്ഞമാതിരിയുള്ള ഭേഷണ്ടക്കാരെക്കൂടി ഉൾപ്പെടുത്തത്തക്കവണ്ണം ഈ നിർവചനം ഭേദഗതി ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇതു അവതരിപ്പിക്കുന്നത്. ഈ ഭേദഗതി സ്വീകരിക്കണമെന്നു സെലക്ട് കമ്മിറ്റിയിൽ ആവശ്യപ്പെട്ടു. പക്ഷെ, അന്നത്തെ സാഹചര്യത്തിൽ ഭൂരിപക്ഷാഭിപ്രായം ഞങ്ങൾക്കനുകൂലമായിരുന്നില്ല. അതുകൊണ്ടു ഒരു ഡിസെൻറിംഗ് നോട്ട് ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സെലക്ട് കമ്മിറ്റിയിൽ ഈ കാര്യത്തിനു ഒരു തീരുമാനം എടുക്കാത്തതുകൊണ്ടാണ് ഈ സഭയിൽ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു. സഭ ഈ ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സർ, ബഹുമാനപ്പെട്ട കുന്നത്തൂർ മെമ്പർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. സെലക്ട് കമ്മിറ്റിയിൽ ഈ ഭേദഗതിക്കുവേണ്ടി വാദിച്ച ഒരു വിഭാഗക്കാരാണ് ഞങ്ങൾ. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു ഗവണ്മെൻറിനു് അത്രവളരെ പ്രാരബ്ധമൊന്നും ഉണ്ടാകുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. കാരണം, ഗവണ്മെൻറ ഭാഗത്തുള്ള മന്ത്രിമാരിൽ ചിലരും, ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്ന പാർട്ടിയിലെ ചില ആളുകളും വളരെയധികം നിയമജ്ഞാനമുള്ളവരാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. പ്രത്യേകിച്ചും ശ്രീ. ടി. എം. വർഗ്ഗീസിനെപ്പോലെയുള്ളവർ ഈ ഭേദഗതിയെപ്പറ്റി ചിന്തിച്ചു് അനുകൂലമായി വോട്ടുചെയ്യുമെന്നാണ് എൻറെ അഭിപ്രായം. ഇന്നു നിലവിലിരിക്കുന്ന ബില്ലിൽ ടെനൻറിൻറെ നിർവ്വചനത്തിൽ ഇങ്ങനെ പറയുന്നു:

"Tenant" with its grammatical variations and cognate expressions, includes a person who, as lessee, sub-lessee, mortgagee or sub-mortgagee or in good faith believing himself to be lessee, sub-lessee, mortgagee or sub-mortgagee of land, is in possession thereof or who, with the *bona fide* intention of attorning and paying a reasonable rent to the person entitled to cultivate or let waste land but without the permission of such person brings such land under cultivation and is in occupation thereof as cultivator.

ഇതിൽ പാട്ടക്കാരൻ, കീഴ്പാട്ടക്കാരൻ, കുറിക്കാരൻ, കീഴ്കുറിക്കാരൻ എന്നൊക്കെ അല്ലാതെ മറ്റേതരത്തിൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന, തരുകാലത്തു് ഉടമസ്ഥരാകുമെന്നു ധരിച്ചു് കൈവശംവച്ചു ഭേഷണ്ടിച്ചുകൊണ്ടിരിക്കുന്നവരെ ഉൾപ്പെടുത്തിയിട്ടില്ല. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

യുള്ള സാധുക്കളുടെ സംഖ്യ കുട്ടിയിരിക്കുന്നു. പ്രത്യേകിച്ചും ഒരു വസ്തുവിന്മേൽ കടബാദ്ധ്യത സ്ഥാപിച്ച് തുക ഈടാക്കാൻ കേസ് കൊടുക്കുകയും ചെയ്താൽ, പിൻബാദ്ധ്യതയുള്ള ആളിനു് മുൻബാദ്ധ്യതക്കാരന്റെ പണം കൊടുത്തു് ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കോടതിമുഖേന കിട്ടാവുന്നതാണ്. ഒരു കടക്കാരൻ കോടതി മുഖേന വസ്തു കൈവശപ്പെടുത്തുന്ന അവസരത്തിൽ, ആ വസ്തുവിലെ കൈവശക്കാരനെന്നുള്ള നിലയിൽ മുൻബാദ്ധ്യതക്കാരനായ ആളെ ഒഴിപ്പിച്ചാൽ അയാൾക്കു് ആ ഭൂമിയിൽ അയാൾ ചെയ്തിട്ടുള്ള ദേഹണ്ഡത്തിനു വിലകിട്ടാനുള്ള വ്യവസ്ഥ ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതായി കാണുന്നില്ല. അതിനുവേണ്ടിയാണു് ടെനൻറ് എന്നതിന്റെ നിർവ്വചനം ഭേദഗതിചെയ്യണമെന്നു് ഞങ്ങൾ ആവശ്യപ്പെടുന്നതു്. നിയമം, വസ്തു ഒഴിഞ്ഞുകൊടുക്കാൻ മുൻപറഞ്ഞ കൈവശക്കാരനെ നിർബ്ബന്ധിക്കുന്നുണ്ടു്. അങ്ങനെ ഒഴിഞ്ഞുകൊടുക്കേണ്ടിവരുമ്പോൾ അയാളുടെ ദേഹണ്ഡത്തിനു പ്രതിഫലം കിട്ടാൻ അയാൾക്കു അവകാശം ലഭിക്കണം. സാധാരണ പ്രദർശ്ശിപ്പിക്കാറുള്ള നിഷേധാത്മകമായ മനോഭാവത്തോടുകൂടി ഇതിനെ വീക്ഷിക്കാതെ ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി അംഗീകരിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എ. ജെ. ജാൺ: സർ, ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു് വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. അതു നിഷേധാത്മകമായ മനഃസ്ഥിതികൊണ്ടല്ല, നിയമപരമായ തടസ്സം കൊണ്ടാണു്. ഈ ഭേദഗതി ക്ലാസ് 2 (ഡി)യിൽ ടെനൻറിന്റെ ഡഫനിഷനോടു തൊട്ടു ചേർക്കണമെന്നാണു പറഞ്ഞിരിക്കുന്നതു്. ഉത്തമവിശ്വാസത്തോടുകൂടി വസ്തു വാങ്ങുന്ന ആളിനു് ദേഹണ്ഡാവകാശം ലഭിക്കണമെന്നാണു പറയുന്നതു്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടിൽ സെക്ഷൻ 51-ൽ ഇതിനെപ്പറ്റി വ്യവസ്ഥയുണ്ടു്. ആ സെക്ഷൻ ഞാൻ ഇവിടെ വായിക്കാം.

51. "When the Transferee of immovable property makes any improvement on the property believing in good faith that he is absolutely entitled thereto and he is subsequently evicted therefrom by any person having better title, the transferee has a right to require the person causing the eviction either to have the value of the improvement estimated and paid or secure to the transferee or to sell his interest in the property, to the transferee at the then market value thereof irrespective of the value of such improvement.

The amount to be paid or secured in respect of such improvement shall be estimated value thereof at the time of the eviction.

When under the circumstances aforesaid the transferee has planted or sown on the property crops which are growing when he is evicted therefrom, he is entitled to such crops and to free ingress and egress to gather and carry them."

LIBRARY ARCHIVES Kerala Legislative Assembly

വസ്തുവാങ്ങിയ ആളിനു് വൈറ നഷ്ടപ്പെടുകയാണെങ്കിൽ സെക്ഷൻ 51 പ്രകാരം അയാൾക്കു ദേഹണ്ഡവില കിട്ടാൻ അവകാശമുണ്ടു്. എന്നാൽ ഈ ആക്ടിൽ ദേഹണ്ഡവിലയെസംബന്ധിച്ചു ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഇന്നയിന്ന വ്യവസ്ഥപ്രകാരം ദേഹണ്ഡം കിട്ടുമെന്നു പറയുന്നുണ്ടു്. ഈ ആക്ടിൽ ഈ ഭേദഗതി കൂടി ചേർക്കുകയാണെങ്കിൽ ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടീസ് ആക്ടിലുള്ള വ്യവസ്ഥകൾക്കു വിപരീതമായി വരും. അതുകൊണ്ടു ഇതു പാസ്സാക്കിയാൽ തന്നെ പ്രസിഡൻറിൻെറ അനുമതി കിട്ടാതിരിക്കാനും ഇടയുണ്ടു്. നിയമപരമായ ഒരു വൈഷമ്യം ഉള്ളതുകൊണ്ടാണു് ഈ ഭേദഗതി സ്വീകരിക്കുന്നതിൽ തടസ്സമുണ്ടെന്നു പറയുന്നതു്. അതിനാൽ ബഹുമാനപ്പെട്ട മെംബർ ഈ ഭേദഗതി പിൻവലിക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഈ ഭേദഗതി വളരെ ആലോചിച്ചശേഷം അവതരിപ്പിച്ചിട്ടുള്ള ഒന്നാണു്. ഈ വാദമുഖം ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നു മുൻപുതന്നെ കേട്ടിട്ടുള്ളതാണു്. വളരെ അധികം സാധുക്കളെ സംബന്ധിച്ചിടത്തോളം ഇതൊരു ശല്യമായിതീർന്നിട്ടുള്ളതുകൊണ്ടാണു് ഇതു പ്രസ്സു ചെയ്യുന്നതു്.

ശ്രീ. എ. ജെ. ജാൺ : ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടീസ് ആക്ടിലെ വ്യവസ്ഥകൾക്കു വിപരീതമായ ഒരു വ്യവസ്ഥ ഇതിൽ ചേർക്കണമെന്നാണു മെംബർ പറയുന്നതു്.....

ശ്രീ. പി. ആർ. മാധവൻ പിള്ള : ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടീസ് ആക്ടിലുള്ള വ്യവസ്ഥ ഇതിൽ സംരക്ഷിക്കുന്നില്ല; അതാണു്.

ശ്രീ. എ. ജെ. ജാൺ : ദേഹണ്ഡവില കൺഫ്പ്പെടുത്തുന്നതു സംബന്ധിച്ചു ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടീസ് ആക്ടിലെ വ്യവസ്ഥ സ്വീകരിക്കാൻ നിവൃത്തിയില്ല എന്നല്ലേ പറയുന്നതു്?

ശ്രീ. പി. ആർ. മാധവൻ പിള്ള : ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടീസ് ആക്ടിൽകൊണ്ടു കവർചെയ്യാത്ത പല ഇൻസ്റ്റൻസും വേറെയുണ്ടു്. അതുകൊണ്ടു ആ അവകാശം സാധിച്ചുകിട്ടാൻവേണ്ടി ഈ ഭേദഗതി പ്രസ്സുചെയ്യുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി അംഗീകരിച്ചാൽ കൊള്ളാം.

ശ്രീ. എ ജെ. ജാൺ : ഈ ബിൽ ഇവിടെ പാസ്സാക്കിയാലും പ്രസിഡൻറിൻെറ അനുമതി ആവശ്യമുള്ളതുകൊണ്ടു് ഒരു കുഴപ്പവും ഇല്ലാതെ പാസ്സാക്കുകയല്ലേ നല്ലതെന്നു ആലോചിച്ചുനോക്കണം.

ശ്രീ. പി. ആർ. മാധവൻ പിള്ള : ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടീസ് ആക്ടിനു വിപരീതമല്ലാത്ത ഒരു തത്വം അംഗീകരിക്കുന്നതുകൊണ്ടു പ്രസിഡൻറിൻെറ അനുമതികിട്ടാൻ എന്താണു കുഴപ്പം?

[Mr. Speaker in the Chair.]

LIBRARY ARCHIVES Kerala Legislative Assembly

SHRI R. SANKARANARAYANAN TAMPI: Sir, on a point of procedure. This is a question which involves a good amount of legal difficulty and I would request the hon'ble Speaker to call upon the Advocate General to express his opinion as to whether there is any legal difficulty in inserting the provision. The hon'ble Minister Shri A. J. John has stated that there will be legal difficulty in accepting the amendment since there are certain provisions in the Transfer of Property Act. I am absolutely of the view that there is nothing contradictory in the amendment to the provisions in the Transfer of Property Act. And as it is a convention for the Advocate General to be present in the house, the hon'ble Speaker can call him and ask his opinion.

ശ്രീ എ. ജെ. ജാൺ: ഇതിനകത്തു് ഭേഹണ്ഡവിലയെ സംബന്ധിച്ചുള്ള പ്രൊവിഷൻസ് പരസ്പരവിരുദ്ധമായി ചെത്തിരിക്കുന്നു എന്നല്ല ഞാൻ പറഞ്ഞതു്. അത് പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണു്:

> "The amount to be paid or secured in respect of such improvement shall be the estimated value thereof at the time of the eviction."

എസ്റ്റിമേറ്റ ചെയ്യണമെന്നു ഇതിലും പറയുന്നുണ്ടു്. എസ്റ്റിമേറ്റ ചെയ്യുന്നതു്, കോടതിയുടെ തീരുമാനമനുസരിച്ചിരിക്കും. ഇന്നവിധത്തിലായിരിക്കണം ഭേഹണ്ഡവില കണക്കാക്കാമെന്നു ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടിൽ പറയുന്നുണ്ടു്. ഇതിനുത്തു കോടതിയുടെ യാതൊരുവിധത്തിലുള്ള ഡിസ്ക്രീഷനും വേണമെന്നില്ല.

MR. SPEAKER: If the hon. Member is very anxious to hear the Advocate General, we shall postpone discussion of that clause.

I have an announcement to make. As there is not sufficient Official Business for the 5th, 6th and 7th March, there will be no sittings of the Assembly on those days.

So if you want to hear the Advocate General we shall proceed with the subsequent clauses now or postpone further discussion altogether.

SHRI R. SANKARANARAYANAN TAMPI: We can proceed with the subsequent clauses as there will be no substantial changes even if the amendment is accepted.

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER: I think it is better we hear the Advocate General and proceed further.

SHRI PANAMPILLI GOVINDA MENON: If the functioning Leader of the Opposition thinks that elucidation of this point from the Advocate General will be useful, Government have no objection to request the Advocate General to address the House.

MR. SPEAKER: So I want to know the sense of the House whether we shall proceed with the other clauses immediately or defer discussion.

(The House favoured further discussion being post poned.)

MR. SPEAKER: Further consideration of the Bill is post-poned.

We shall now adjourn and meet again at 8 A. M. on Thursday, the 8th March 1956.

The Assembly adjourned at 11-16 A. M. to meet again at 8 A. M. on Thursday, the 8th March 1956.

2/787/V

LIBRARY ARCHIVES Kerala Legislative Assembly